# പ്രസംഗ ക്കുറിപ്പുകൾ: “അവൻ ... അടക്കപ്പെടുകയും ചെയ്തു”

സുവിശേഷത്തിന്റെ മുഖ്യമായ മൂന്നു വസ്തുതകളാണ് ക്രിസ്തുവിന്റെ മരണം, അടക്കം, ഉയർപ്പ്. യേശു അടിക്കടി തന്റെ മരണത്തെയും ഉയർപ്പിനേയും മുന്നറിയിക്കയുണ്ടായി (മത്തായി 16:21; 17:22, 23; ലൂക്കൊസ് 18:31 –33). അവൻ തന്റെ അടക്കത്തെ കുറിച്ചും പറഞ്ഞിരുന്നു. “അവൻ യോനാ കടലാനയുടെ വയറ്റിൽ കിടന്നതുപോലെ” എന്ന ചിത്രീകരണത്താലായിരുന്നു അവൻ അതു പറഞ്ഞത്. “... അതുപോലെ മനുഷ്യപുത്രനും മൂന്നു രാവും മൂന്നു പകലും ഭൂമിക്കടിയിലായിരിക്കും” (മത്തായി 12:40). ബെഥാന്യയിൽവെച്ച് മറിയ തന്നെ അഭിഷേകം ചെയ്തപ്പോൾ അവൻ തന്റെ അടക്കത്തെ കുറിച്ച് സ്പഷ്ടമായി പറഞ്ഞിരുന്നു. അവൻ പറഞ്ഞു, “കല്ലറയിലെ അടക്കത്തിനായി അവൻ മുമ്പുകൂട്ടി എന്റെ ദേഹത്തിനു തൈലം തേച്ചു” (മർക്കൊസ് 14:8; മത്തായി 26:12; യോഹന്നാൻ 12:7).

മറ്റു രണ്ട് വസ്തുതകളെപോലെ തന്നെ പ്രാധാന്യമുള്ളതായിരുന്നു അവന്റെ അടക്കവും; എന്നാൽ അവന്റെ അടക്കം പിന്നീട് (മരണശേഷം) നടന്ന സംഭവങ്ങൾ (അവന്റെ ഉയർത്തെഴുന്നേല്പ്) സ്പർശിക്കത്തക്കതായപ്പോൾ പിന്നിലാക്കപ്പെട്ടു. യേശുവിന്റെ അടക്കത്തിന്റെ പ്രാധാന്യമെന്താണ്? സുവിശേഷ സംഭവത്തിൽ അതിന് എന്തു പങ്കാണുള്ളത്? ആ അടക്കം നമ്മുടെ ജീവിതത്തെ എങ്ങനെയാണ് ബാധിക്കുന്നത്? ഏതാനും നിമിഷമെടുത്ത് നമുക്ക് ആ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം.

### ഭൂതകാലത്തിലെ അവന്റെ അടക്കം

യേശു മരിച്ചുകഴിഞ്ഞു എന്ന് അറിയിച്ചപ്പോൾ, അരിമഥ്യക്കാരനായ യോസേഫ് വന്ന് യേശുവിന്റെ ശരീരം അടക്കുവാൻ പിലാത്തൊസിനോട് അനുവാദം ചോദിച്ചു. നിക്കൊദേമൊസും യോസേഫും ചേർന്ന് ശരീരം ശീലകൾ ചുറ്റി യോസേഫിന്റെ പുതിയ കല്ലറയിൽ അടക്കി (മത്തായി 27:59, 60; മർക്കൊസ് 15:46; ലൂക്കൊസ് 23:50–53; യോഹന്നാൻ 19:38–40).

*അടക്കം ഒരു സ്നേഹപ്രവൃത്തിയായിരുന്നു*. യോസേഫ് ആവശ്യപ്പെട്ടില്ലായിരുന്നുവെങ്കിൽ, യേശുവിന്റെ ശരീരം അടയാളപ്പെടുത്താത്ത കുറ്റവാളികളെ അടക്കുന്ന ശവക്കുഴിയിൽ അടക്കുമായിരുന്നു.[1]

*അത് ഒരു ധീരമായ പ്രവൃത്തി ആയിരുന്നു.* യോസേഫും നിക്കൊദേമൊസും യേശുവിന്റെ ശരീരം ആവശ്യപ്പെതും അടക്കിയതും വലിയ സാഹസത്തോടെയായിരുന്നു.

*അത് ഒരു ആവശ്യമുള്ള പ്രവൃത്തിയായിരുന്നു.* ന്യായപ്രമാണമനുസരിച്ച്, യേശുവിന്റെ ശരീരം സൂര്യാസ്തമയത്തിനു മുൻപ് അടക്കണമായിരുന്നു. ഏറ്റവും പ്രധാനമായി, *യേശു വാസ്തവത്തിൽ മരിച്ചു എന്നും അതുകൊണ്ട് അവൻ വാസ്തവത്തിൽ ജീവനിലേക്ക് തിരിച്ചുവന്നു എന്നും സ്ഥാപിക്കേണ്ടതിന്* അത് ആവശ്യമായിരുന്നു.

*അത് ഒരു ശരിയായ പ്രവൃത്തി ആയിരുന്നു*. ദശലക്ഷക്കണക്കിന് ആളു

കൾ മരിക്കുകയും, അവരുടെ മൃതശരീരങ്ങൾ ഭൂമിക്കടിയിലാക്കുകയും ചെയ്തിട്ടുണ്ട്. അവൻ “സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശ്യനായി തീരുവാൻ ആവശ്യമായിരുന്നു” (എബ്രായർ 2:17), അതുകൊണ്ട്, ക്രിസ്തുവും, “ഭൂമിക്കടിയിലാകേണ്ടത് അനിവാര്യമായിരുന്നു” (മത്തായി 12:40). യുഗങ്ങളിലേക്കു വെച്ച് ഏറ്റവും വലിയ അത്ഭുതം ആകാംക്ഷയുള്ള കണ്ണുകൾ കാണാതിരിക്കേണ്ടതും ആവശ്യമായിരുന്നു.

*അത് ഒരു പ്രതീക്ഷയുടെ പ്രവൃത്തി ആയിരുന്നു,* യോസേഫും നിക്കൊദേമോസും അത് തിരിച്ചറിഞ്ഞില്ല, എന്നാൽ അടക്കം ദൈവത്തിന്റെ മൂന്നു-പടികളുള്ള പദ്ധതിയിലെ ഒരു പടിയായിരുന്നു. അത് അവസാനമായിരുന്നില്ല; മറിച്ച്, അത് ഒരു തുടക്കത്തിന് പ്രതീക്ഷ നല്കിയിരുന്നു.

## നമ്മുടെ അടക്കം വർത്തമാനകാലത്തിലാണ്

നമ്മുടെ അടക്കത്തെ കുറിച്ച് ഞാൻ പറയുമ്പോൾ, ശാരീരികമായി മരിച്ച് അടക്കപ്പെടുന്നതിനെ കുറിച്ചല്ല, പിന്നെയോ സ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ അടക്കപ്പെടുന്നതിനെ കുറിച്ചാണ് ഞാൻ ഉദ്ദേശിക്കുന്നത്. സ്നാനവും ക്രിസ്തുവിന്റെ യാഗവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതായി പുതിയനിയമം പഠിപ്പിക്കുന്നു (റോമർ 6:3, 4; കൊലൊസ്യർ 2:12).

*അത് ഒരു സ്നേഹ പ്രവൃത്തി ആണ്.* നാം യേശുവിനെ സ്നേഹിക്കുന്നുവെങ്കിൽ, നാം അവന്റെ കല്പനയായ സ്നാനം ഏല്ക്കും (യോഹന്നാൻ 14:15).

*അത് ഒരു ധീരമായ പ്രവൃത്തി ആണ്.* സ്നാനമേല്ക്കുവാൻ തീരുമാനമെടുക്കുന്നതിനു ധൈര്യം ആവശ്യമാണ്, ചിലപ്പോൾ അതി ധൈര്യം വേണ്ടിവരും.

അത് ഒരു ആവശ്യമായ പ്രവൃത്തി ആയിരുന്നു. രക്ഷയുടെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിന്റേയും കർത്താവിനെ അനുസരിക്കുന്നതിന്റേയും ഭാഗമാണ് സ്നാനം (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38; ഗലാത്യർ 3:26, 27).

അത് ഒരു ശരിയായ പ്രവൃത്തി ആണ്. യേശുവിന്റെ ക്രൂശ് നമുക്ക് എടുക്കേണ്ടി വന്നാലും (മത്തായി 16:24), നാം “അവനോടുകൂടെ അടക്കപ്പെടണം” (റോമർ 6:4). വെള്ളത്തിൽ നാം അടക്കപ്പെടേണ്ടതും ശരിയായ ഒന്നാണ് (മുങ്ങൽ), അല്ലാതെ തലയിൽവെള്ളം തളിക്കുന്ന ഏർപ്പാടല്ല വേണ്ടത്.

*അത് ഒരു പ്രതീക്ഷയുടെ പ്രവൃത്തി ആണ്.* പടികളിൽ രണ്ടാമത്തേതാണ് നമ്മുടെ വെള്ളത്തിലുള്ള അടക്കം.[2] മൂന്നാമത്തെ പടി “ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് വെള്ളത്തിൽനിന്ന് എഴുന്നേറ്റു വരണം” (റോമർ 6:4). നാം യഥാർത്ഥ ക്രിസ്തീയ ജീവിതം നയിച്ചുകൊണ്ടിരുന്നാൽ, നമ്മുടെ ശരീരങ്ങൾ ഭൂമിയിൽ അടക്കിയാലും അത് അവസാനമല്ല എന്നു നാം തിരിച്ചറിയും. ഒരിക്കൽ, നാമും, മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേല്ക്കും (1 കൊരിന്ത്യർ 15:20, 23)!

---

കുറിപ്പുകൾ

[1]കൂടുതൽ വിശദാംശങ്ങൾക്ക് ഈ പുസ്തകത്തിൽ ആദ്യം വന്നിട്ടുള്ള “ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്നു ദിവസങ്ങൾ” എന്ന പാഠം നോക്കുക. [2]മൂന്നാമത്തെ പടി സ്വയം “മരിക്കുക” എന്നതാണ് (റോമർ 6:6 നോക്കുക).